കാലിഫോർണിയയിൽ മണ്ണിടിച്ചിൽ, വെള്ളപ്പൊക്കം; 17 മരണം

ലോസാഞ്ചൽസ്: കാലിഫോർണിയയിൽ കനത്ത മഴയെത്തുടർന്നുണ്ടായ മണ്ണിടിച്ചിലിലും വെള്ളപ്പൊക്കത്തിലും 17 പേർ മരിച്ചു. 20 പേർക്കായി തെരച്ചിൽ തുടരുകയാണ്. നൂറിലധികം വീടുകൾ പാടെ തകർന്നു. 300 വീടുകൾക്ക് ഭാഗികമായി കേടുപാടുകൾ സംഭവിച്ചു. ദുരിതബാധിത പ്രദേശത്തുള്ളവരെ സുരക്ഷിത സ്ഥാനത്തേക്ക് മാറ്റി. ദേശീയ പാതയിൽ സാന്റാ ബാർബറ മുതൽ വെൻച്യുറ വരെയുള്ള പ്രദേശം വെള്ളത്തിനടിയിലായി.

സൈനികാഭ്യാസത്തിനിടെ കോപ്ടറിൽ നിന്ന് വീണ് 3 ജവാൻമാർക്ക് പരിക്ക്

ന്യൂഡൽഹി: കരസേനാ ദിനത്തിൽ സംഘടിപ്പിക്കുന്ന സൈനികാഭ്യാസത്തിന്റെ പരിശീലനത്തിനിടെ ഹെലികോപ്ടറിൽ നിന്ന് വീണ് മൂന്ന് ജവാൻമാർക്ക് പരിക്കേറ്റു. ഡൽഹിയിലെ ആർമി പരേഡ് ഗ്രൗണ്ടിൽ ചൊവ്വാഴ്ച നടന്ന സംഭവം ഇന്നലെയാണ് പുറത്തായത്. ജവാൻമാർ അപകടനില തരണം ചെയ്തതായി കരസേന അറിയിച്ചു. അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ട്.

നിർണായക സാഹചര്യങ്ങളിൽ ജവാൻമാരെ ഹെലികോപ്ടറിൽ എത്തിക്കുന്നത് എങ്ങനെയെന്ന് വിശദീകരിക്കുന്നത് തദ്ദേശീയമായി നിർമ്മിച്ച എ.എൽ.എച്ച് (അഡ്വാൻസ്ഡ് ലൈറ്റ് ഹെലികോപ്ടർ) ധ്രുവ് ഹെലികോപ്ടർ ഉപയോഗിച്ചാണ് പരിശീലനം നടത്തിയത്. താഴേക്കിട്ട കയറേണി പൊട്ടി തൂങ്ങി നിന്നിരുന്ന മൂന്നുപേർ താഴേക്ക് പതിക്കുകയായിരുന്നു. ഉടൻ ആശുപത്രിയിലെത്തിച്ച ജവാൻമാരുടെ നില സുരക്ഷിതമാണ്. സംഭവത്തിന്റെ വീഡിയോ സമൂഹ മാദ്ധ്യമങ്ങളിൽ വൈറലായിട്ടുണ്ട്.

പരിശീലനത്തിനുപയോഗിച്ച കയറിന്റെ ബലക്കുറവാണ് അപകടത്തിന് ഇടയാക്കിയതെന്ന് സേന അറിയിച്ചു. വിശദമായ അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ട്. ജനുവരി 15ന് നടക്കുന്ന സൈനികാഭ്യാസത്തിൽ അപകടത്തിന് ഇടയാക്കിയ ഇനം ഒഴിവാക്കാനും തീരുമാനിച്ചു. ലെഫ്റ്റനന്റ് ജനറൽ കെ.എം. കരിയപ്പ കരസേനയുടെ ആദ്യ കമാൻഡർ ഇൻ ചീഫ് ആയതിന്റെ ഓർമ്മയ്ക്കായാണ് ജനുവരി 15ന് കരസേനാദിനമായി ആഘോഷിക്കുന്നത്.

യുവതിയെ തട്ടിക്കൊണ്ടുപോകൽ; വികാസ് ബരാലയ്ക്ക് ജാമ്യം

ചണ്ഡീഗഡ്: യുവതിയെ തട്ടിക്കൊണ്ടുപോയി പീഡിപ്പിക്കാൻ ശ്രമിച്ച കേസിൽ ഹരിയാനയിലെ ബി.ജെ.പി നേതാവ് സുഭാഷ് ബരാലയുടെ മകൻ വികാസ് ബരാലയ്ക്ക് പഞ്ചാബ്-ഹരിയാന ഹൈക്കോടതി ജാമ്യം അനുവദിച്ചു. 29 കാരിയായ മുൻ ഐ.എ.എസ് ഉദ്യോഗസ്ഥന്റെ മകളെ വാഹനത്തിൽ പിന്തുടർന്ന് തട്ടിക്കൊണ്ടുപോയി പീഡിപ്പിക്കാൻ ശ്രമിച്ച കുറ്റത്തിന് 23 കാരനായ ബരാല ആഗസ്റ്റ് മുതൽ ജയിലിലാണ്. വികാസിനും ഇയാളുടെ സുഹൃത്ത് ആശിഷ് കുമാറിനുമെതിരെയായിരുന്നു പെൺകുട്ടി പരാതി നൽകിയത്.

പ്രതി ആരെയും സ്വാധീനിക്കാൻ സാദ്ധ്യതയില്ലെന്നും ഇതുവരെ ഇത്തരത്തിൽ യാതൊരു പരാതിയും പ്രോസിക്യൂഷൻ പ്രതിക്കുമേൽ ആരോപിച്ചിട്ടില്ലെന്നും വികാസ് ബരാലയുടെ അഭിഭാഷകൻ വാദിച്ചു. കേസിൽ നാലു തവണ വികാസ് ബരാലയ്ക്ക് ജാമ്യം നിഷേധിച്ചിരുന്നു.

വികാസും സുഹൃത്തും യുവതിയെ പിന്തുടരുന്നതിന്റെ സി.സി.ടിവി ദൃശ്യത്തിന്റെ അടിസ്ഥാനത്തിലായിരുന്നു വികാസിനെ പൊലീസ് അറസ്റ്റു ചെയ്തത്.

ബിൽ അമേരിക്കൻ പ്രതിനിധി സഭയിൽ

ഗ്രീൻ കാർഡുകൾ വർദ്ധിപ്പിക്കും

വാഷിംഗ്ടൺ: അമേരിക്കയിൽ സ്ഥിരതാമസത്തിനും ജോലിക്കുമായി അനുവദിക്കുന്ന ഗ്രീൻ കാർഡിന്റെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള ബിൽ ജനപ്രതിനിധി സഭയിൽ അവതരിപ്പിച്ചു. അമേരിക്കൻ കുടിയേറ്റക്കാരുടെ യോഗ്യതയനുസരിച്ച് ഓരോ വർഷവും അനുവദിക്കുന്ന ഗ്രീൻ കാർഡിൽ 45 ശതമാനം വർദ്ധന കൊണ്ടുവരണമെന്നാണ് ബില്ലിൽ ആവശ്യപ്പെട്ടിരിക്കുന്നത്. ബിൽ പാസായാൽ ഇന്ത്യൻ ടെക്കികൾക്കാകും ഇത് ഏറെ ഗുണം ചെയ്യുക.

ട്രംപ് ഭരണകൂടത്തിന്റെ പിന്തുണയോടെ ബിൽ പാസായാൽ നിലവിലുള്ള മറ്റ് വിസ പദ്ധതികൾ നിറുത്തലാക്കുകയും അമേരിക്കയിലേക്കുള്ള കുടിയേറ്റക്കാരുടെ എണ്ണം കുറയ്ക്കുകയും ചെയ്യും. രാജ്യസുരക്ഷാ കമ്മിറ്റി, മാരിടൈം സെക്യൂരിറ്റി കമ്മിറ്റി, ജുഡിഷ്യറി കമ്മിറ്റി എന്നിവരുടെ നേതൃത്വത്തിലാണ് ബിൽ പ്രതിനിധിസഭയിൽ അവതരിപ്പിച്ചത്. അമേരിക്കയുടെ ഭാവിയെ സംരക്ഷിക്കുന്ന നിയമനിർമ്മാണങ്ങളുടെ ഭാഗമായാണ് പ്രതിനിധി സഭയിൽ ബിൽ അവതരിപ്പിച്ചിരിക്കുന്നത്.

നിയമം നിലവിൽ വന്നാൽ ഇപ്പോൾ നൽകിക്കൊണ്ടിരുന്ന ഗ്രീൻ കാർഡിന്റെ എണ്ണത്തിൽ 55,000 അധികം കാർഡുകൾ അനുവദിക്കും. നിലവിൽ താത്കാലിക വിസയായ എച്ച്-1 ബി വിസ ഉപയോഗിച്ച് യു.എസിലെത്തുന്ന ഇന്ത്യയിൽ നിന്നടക്കമുള്ള സാങ്കേതിക തൊഴിൽ വിദഗ്ദ്ധർക്കാകും ഇത് ഏറ്റവും കൂടുതൽ ഗുണം ചെയ്യുക.

നിലവിൽ ഇന്ത്യക്കാരടക്കം നിരവധി പേരാണ് വർഷങ്ങളായി ഗ്രീൻ കാർഡിനായി കാത്തിരിക്കുന്നത്. ഗ്രീൻ കാർഡിൽ 45 ശതമാനം വർദ്ധന വന്നുകഴിഞ്ഞാൽ ഏറെക്കാലമായുള്ള ഈ കാത്തിരിപ്പിന് വിരാമമാകും. എന്നാൽ ദമ്പതികളെയും പ്രായപൂർത്തിയാകാത്ത കുട്ടികളെയും മാത്രം ഉൾക്കൊള്ളുന്ന പുതിയ ഗ്രീൻ കാർഡ് പദ്ധതി, കുടിയേറ്റക്കാർ തങ്ങളുടെ മറ്റ് കുടുംബാംഗങ്ങളെ യു.എസിലേക്ക് കൊണ്ടു വരുന്നത് തടയും.

നിലവിൽ ഗ്രീൻ കാർഡുള്ളവർ

- മെക്സിക്കോ : 1,58,619
- ചൈന: 74,558
- ഇന്ത്യ: 64,116
- ഫിലിപ്പൈൻസ്: 56,478
- ക്യൂബ: 54,396
- ഇറാക്ക് 21,107
- പാകിസ്ഥാൻ: 18,057

ഗ്രീൻ കാർഡ്

യു.എസിൽ സ്ഥിരതാമസക്കാരാകാനുള്ള കാർഡ്. സ്ഥിരതാമസമാക്കി അവിടെ തൊഴിൽ ചെയ്ത് ജീവിക്കാൻ അനുമതി നൽകുന്ന ഔദ്യോഗിക അനുമതി.

1,20,000 നിലവിൽ നൽകുന്നത്

നിയമം വന്നാൽ **1,75,000**

ഗ്രീൻ കാർഡ് കാത്ത്
5 ലക്ഷം ഇന്ത്യക്കാർ

> **ഇന്ത്യയ്ക്കൊപ്പം പ്രവർത്തിക്കാൻ സന്തോഷം**
> ഇന്ത്യയെയും റഷ്യയെയും പോലുള്ള രാജ്യങ്ങൾക്കൊപ്പം ചേർന്ന് പ്രവർത്തിക്കുന്നത് വളരെ നല്ല കാര്യമാണ്. ലോകത്താകമാനമുള്ള, മറ്റ് രാജ്യങ്ങളുമായി നല്ലബന്ധമുണ്ടാക്കാൻ ആഗ്രഹിക്കുന്നവരുമായുള്ള സൗഹൃദം വളരെ നല്ലതാണ്.

ഇനിയും വയ്യ, ഒറ്റയ്ക്കിരുത്താൻ...

പാക് അവതാരക വാർത്ത വായിച്ചത് കുഞ്ഞുമായി

ന്യൂഡൽഹി: പാക് ടെലിവിഷൻ ചാനലിൽ കഴിഞ്ഞ ദിവസം വാർത്താ വായനയ്ക്കായി എത്തിയ അവതാരകയെ കണ്ട പ്രേക്ഷകർ ഒന്ന് ഞെട്ടി.

വാർത്ത വായിക്കാനെത്തിയ സമാ ടി.വി അവതാരക കിരൺ നാസിന്റെ മടിയിൽ അവരുടെ പെൺകുഞ്ഞുമുണ്ടായിരുന്നു. പാകിസ്ഥാനിലെ കസൂറിൽ എട്ടുവയസുകാരിയെ ക്രൂരമായി മാനഭംഗപ്പെടുത്തി കൊലപ്പെടുത്തിയ സംഭവത്തിൽ പ്രതിഷേധിച്ചാണ് തന്റെ പെൺകുഞ്ഞിനെയും അവർ കൂടെ കൂട്ടിയത്.

"ഇന്ന് ഞാൻ അവതാരക കിരൺ നാസ് അല്ല. ഞാനൊരു അമ്മയാണ്. അതിനാലാണ് എന്റെ മകളുമായി ഇന്നിവിടെ എത്തിയിരിക്കുന്നത്." ബുള്ളറ്റിൻ ആരംഭിക്കും മുൻപ് കിരൺ പറഞ്ഞു.

രാജ്യത്ത് വർദ്ധിച്ചുവരുന്ന പീഡനങ്ങളെ കുറിച്ച് ഒന്നരമിനിട്ട് അവർ സംസാരിച്ചു. പെൺകുഞ്ഞുങ്ങൾ ആക്രമിക്കപ്പെടുമ്പോൾ രാജ്യമാകെ അപമാന ഭാരത്തിലാവുകയാണെന്നും കിരൺ പറഞ്ഞു.

കിരൺ നാസ് കുഞ്ഞുമായി വാർത്ത വായനയ്ക്കെത്തിയപ്പോൾ

ഇത് കേവലം ഒരു പെൺകുട്ടിയുടെ കൊലപാതകം മാത്രമല്ല, സമൂഹമാകെ കൊലചെയ്യപ്പെട്ടിരിക്കുകയാണ്. മനുഷ്യത്വമാണ് മരിച്ചിരിക്കുന്നത് എന്ന പ്രസ്താവനയോടെയാണ് കിരൺ നാസ് വാർത്ത വായന അവസാനിപ്പിച്ചത്.

പഞ്ചാബ് പ്രവിശ്യയിലെ റോഡ്കോട്ടിൽ എട്ടുവസുകാരിയെ തട്ടിക്കൊണ്ടുപോയി പീഡിപ്പിച്ച് കുപ്പത്തൊട്ടിയിൽ തള്ളിയ സംഭവത്തിൽ പാകിസ്ഥാനിലാകെ വ്യാപക പ്രതിഷേധമാണ് നടക്കുന്നത്. ഒരു വർഷത്തിനിടെ കസൂറിൽ നടക്കുന്ന 12-ാമത് ബാലപീഡനമാണിതെന്ന് പ്രാദേശിക മാദ്ധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. ഈ മേഖലയുമായി ബന്ധപ്പെട്ട് വലിയൊരു ബാലപീഡന ശൃംഖല തന്നെ പ്രവർത്തിക്കുന്നതായും റിപ്പോർട്ടിൽ പറയുന്നു.

ദയാവധം ആവശ്യപ്പെട്ട് വയോധികരുടെ കത്ത്

മുംബയ്: ദയാവധം നൽകണമെന്നാവശ്യപ്പെട്ട് രാഷ്ട്രപതി രാംനാഥ് കോവിന്ദിന് മുംബയ് സ്വദേശികളായ വൃദ്ധ ദമ്പതികൾ കത്തെഴുതിയതായി വാർത്താ ഏജൻസിയായ എ.എൻ.ഐ റിപ്പോർട്ട് ചെയ്തു.

ഏതെങ്കിലും വ്യക്തിയെ ഉപയോഗിച്ച് തങ്ങളെ വധിക്കണമെന്നാണ് 86-കാരനായ നാരായൺ ലാവ്തെയും 79-കാരിയായ ഭാര്യ ഇരാബതി ലാവ്തെയും കത്തിൽ ആവശ്യപ്പെട്ടിരിക്കുന്നത്. തങ്ങൾക്ക് കുട്ടികളൊന്നുമില്ല. കാര്യമായ ആരോഗ്യ പ്രശ്നങ്ങളും ഇല്ല. എന്നാൽ ഞങ്ങൾക്ക് ഈ സമൂഹത്തിനായി കാര്യമായി ഒന്നും ചെയ്യാനില്ലെന്നും അതുകൊണ്ടാണ് ദയാവധം ആവശ്യപ്പെടുന്നതെന്നും കത്തിൽ നാരയൺ ലാവ്തെ പറയുന്നു.

ഇരാബതി ലാവ്തെയും നാരയൺ ലാവ്തെയും

മഹാരാഷ്ട്ര സ്റ്റേറ്റ് ട്രാൻസ്പോർട്ട് കോർപറേഷനിൽ നിന്ന് 1989ൽ വിരമിച്ചയാളാണ് നാരായൺ ലാവ്തെ. ഭാര്യ ഇരാബതി മുംബയിലെ ഒരു ഹൈസ്കൂളിൽ പ്രിൻസിപ്പലായിരുന്നു. ഇപ്പോൾ തങ്ങൾക്ക് കാര്യമായ പ്രശ്നങ്ങളില്ലെങ്കിലും ജീവിക്കാൻ ആഗ്രഹമില്ലെന്നാണ് ഇവർ പറയുന്നത്. കുട്ടികൾ വേണ്ടെന്ന് നേരത്തേ തീരുമാനിച്ചിരുന്നതായും ഇരുവരും പറഞ്ഞു.



തലസ്ഥാനത്തെ റിപ്പബ്ലിക് ദിന പരേഡിന് മുന്നോടിയായി അതിർത്തിരക്ഷാസേനയിലെ വനിതാകേഡറ്റുകൾ മോട്ടോർ സൈക്കിൾ റാലി പരിശീലനത്തിൽ

സിക്ക് കലാപം: എസ്.ഐ.ടിയെ ജസ്റ്റിസ് ധിൻഗ്ര നയിക്കും

ന്യൂഡൽഹി: സിക്ക് കലാപവുമായിബന്ധപ്പെട്ട് 186 കേസുകളുടെ അന്വേഷണത്തിന് സുപ്രീംകോടതി രൂപം നൽകിയ പ്രത്യേക അന്വേഷണ സംഘത്തിന് (എസ്.ഐ.ടി) ഹൈക്കോടതി മുൻ ജഡ്ജി എസ്.എൻ. ധിൻഗ്ര മേൽനോട്ടം വഹിക്കും. ചീഫ് ജസ്റ്റിസ് ദീപക് മിശ്ര അദ്ധ്യക്ഷനായ ബെഞ്ച് ഇന്നലെ ഇതുസംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചു. വിരമിച്ച ഐ.ജി റാങ്കിലുള്ള ഉദ്യോഗസ്ഥനായ രാജ്ദീപ് സിംഗ്, സർവീസിലുള്ള ഐ.പി.എസ് ഉദ്യോഗസ്ഥനായ അഭിഷേക് ദുല്ലർ എന്നിവരാണ് എസ്.ഐ.ടിയിലെ മറ്റ് അംഗങ്ങൾ.

കേസ് മാർച്ച് 19ന് വീണ്ടും പരിഗണിക്കും.

കേന്ദ്ര സർക്കാരിന്റെ എസ്.ഐ.ടി അന്വേഷണം നടത്താതിരുന്ന 186 കേസുകളാണ് പുതിയ സംഘം അന്വേഷിക്കുക. കേന്ദ്രത്തിന്റെ എസ്.ഐ.ടി 293 കേസുകളിൽ 241 എണ്ണത്തിലും അന്വേഷണം അവസാനിപ്പിച്ച് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ഇതിൽ 186 കേസുകളിൽ കൃത്യമായ അന്വേഷണമില്ലാതെയാണ് അവസാനിപ്പിക്കാൻ തീരുമാനിച്ചതെന്ന് സുപ്രീംകോടതിയിൽ നിന്ന് വിരമിച്ച രണ്ട് ജഡ്ജിമാരുടെ സമിതി കണ്ടെത്തിയിരുന്നു. ഇതേ തുടർന്നാണ് കേസുകളിൽ വീണ്ടും അന്വേഷണം നടത്താനും അതിനായി പ്രത്യേക എസ്.ഐ.ടിക്ക് രൂപം നൽകാനും കോടതി തീരുമാനിച്ചത്.

1984ൽ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുടെ വധത്തെ തുടർന്നുണ്ടായ സിക്ക് വിരുദ്ധ കലാപത്തിൽ 3325 പേരാണ് കൊല്ലപ്പെട്ടത്.

കേന്ദ്രത്തോട് സുപ്രീംകോടതി:

വീടില്ലാത്തവർക്ക് എങ്ങനെ ആധാർ?

ന്യൂഡൽഹി: കിടപ്പാടമില്ലാത്ത ലക്ഷക്കണക്കിന് ജനങ്ങൾക്ക് എങ്ങനെ ആധാർ കാർഡ് ലഭ്യമാക്കുമെന്ന് കേന്ദ്രസർക്കാരിനോട് സുപ്രീംകോടതി ചോദിച്ചു. വിവിധ ക്ഷേമ പദ്ധതികൾക്ക് ആധാർ നിർബന്ധമാക്കുമ്പോൾ മേൽവിലാസമില്ലാത്തവരെ സർക്കാരിന്റെ ഭാഗമായി കാണുന്നില്ലേയെന്നും ജസ്റ്റിസ് മദൻ ബി. ലോക്കൂർ അദ്ധ്യക്ഷനായ സാമൂഹ്യക്ഷേമ ബെഞ്ച് ചോദിച്ചു. ഉത്തർപ്രദേശിൽ വീട്ടില്ലാത്തവർക്ക് ആവശ്യത്തിന് രാത്രികാല അഭയകേന്ദ്രങ്ങൾ ഇല്ലാത്തതുമായി ബന്ധപ്പെട്ട കേസ് പരിഗണിക്കവേയാണ് കോടതി ഇക്കാര്യം ചോദിച്ചത്. 2011 ലെ സെൻസസ് പ്രകാരം രാജ്യത്ത് 17 ലക്ഷം ആളുകൾ ഭവനരഹിതരാണ്. ഇത് ജനസംഖ്യയുടെ 0.15 ശതമാനമാണ്.

വീടില്ലാത്തവർ രാജ്യത്തിന്റെ ഭാഗമല്ലെന്ന് പറയുന്നത് തെറ്റാണെന്ന് വ്യക്തമാക്കിയ അഡിഷണൽ സോളിസിറ്റർ ജനറൽ തുഷാർ മെഹ്ത, നഗരപ്രദേശങ്ങളിൽ ഭവനരഹിതരായവർ ഗ്രാമങ്ങളിൽ നിന്ന് കുടിയേറിയവരാണെന്നും അവർക്ക് സ്വന്തം നാട്ടിൽ വീടും വിലാസവും ഉണ്ടാകുമെന്നും അറിയിച്ചു. ഇക്കാര്യത്തിൽ ആധാർ അതോറിട്ടിയിൽ നിന്ന് കൂടുതൽ വിശദീകരണം തേടാമെന്നും തുഷാർ മെഹ്ത കോടതിയെ അറിയിച്ചു.

നാവികസേനയ്ക്ക് സ്ഥലം തരില്ല: ഗഡ്കരി

മുംബയ്: നാവികസേനയ്ക്ക് ഫ്ലാറ്റുകൾ നിർമ്മിക്കാൻ ദക്ഷിണ മുംബയിൽ ഒരിഞ്ച് സ്ഥലം പോലും നൽകാൻ സാധിക്കില്ലെന്ന് കേന്ദ്ര തുറമുഖ- ജലവിഭവ മന്ത്രി നിതിൻ ഗഡ്കരി പറഞ്ഞു. ഭീകരർ രാജ്യത്തേക്ക് നുഴഞ്ഞുകയറാൻ സാദ്ധ്യതയുള്ള അതിർത്തി പ്രദേശങ്ങളിലാണ് നാവികസേന ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യം ആവശ്യമെന്നും ദക്ഷിണ മുംബയിൽ താമസിക്കണമെന്ന ആവശ്യവുമായി ആരും തന്നെ സമീപിക്കേണ്ടതില്ലെന്നും ഗഡ്കരി പറഞ്ഞു.

മുംബയ് പോർട്ട് ട്രസ്റ്റും മഹാരാഷ്ട്ര സർക്കാരും സംയുക്തമായി വികസിപ്പിച്ചെടുത്ത ദക്ഷിണ മുംബയിലെ പ്രദേശം ജനങ്ങളുടെ ആവശ്യങ്ങൾക്കുവേണ്ടി മാത്രമേ വിനിയോഗിക്കുവെന്നും ഗഡ്കരി വ്യക്തമാക്കി. രാജ്യത്ത് വികസന പ്രവർത്തനങ്ങൾ തടസപ്പെടുത്തുന്നത് പതിവായിരിക്കുകയാണെന്നും നാവികസേനയും പ്രതിരോധ മന്ത്രാലയവുമല്ല രാജ്യം ഭരിക്കുന്നതെന്നും ഗഡ്കരി ചൂണ്ടിക്കാട്ടി. വെസ്റ്റേൺ നേവൽ കമാൻഡ് മേധാവി വൈസ് അഡ്മിറൽ ഗിരീഷ് ലൂത്രയുടെ സാന്നിദ്ധ്യത്തിൽ നടന്ന പൊതുചടങ്ങിലായിരുന്നു ഗഡ്കരിയുടെ പരാമർശം.

ദക്ഷിണ മുംബയിൽ ഫ്ലോട്ടിംഗ് ജെട്ടി നിർമ്മാണത്തിന് നാവികസേന അനുമതി നിഷേധിച്ചതിന് പിന്നാലെയാണ് സേനയ്ക്കെതിരെ ആഞ്ഞടിച്ച് ഗഡ്കരി രംഗത്തെത്തിയിരിക്കുന്നത്.

മാദ്ധ്യമപ്രവർത്തകനെ തട്ടിക്കൊണ്ടുപോകൽ; കേസെടുത്തു

ഇസ്ലാമാബാദ്: ഇന്ത്യൻ ടെലിവിഷൻ ചാനലായ വിയോൺ ടി.വിയുടെ പാക് ബ്യൂറോ ചീഫിനെ തട്ടിക്കൊണ്ടുപോകാൻ ശ്രമിച്ച സംഭവത്തിൽ അജ്ഞാതന്റെ പേരിൽ കേസ് റജിസ്റ്റർ ചെയ്തു.

പാക് സൈന്യത്തിനെതിരെ ശക്തമായ വിമർശനങ്ങൾ ഉന്നയിച്ചിരുന്ന താഹ സിദ്ദിഖി എന്ന മാദ്ധ്യമപ്രവർത്തകനെയാണ് ലണ്ടനിലേക്കുള്ള യാത്രയ്ക്കിടെ വിമാനത്താവളത്തിലേക്ക് പോകുന്ന വഴി അജ്ഞാതർ തട്ടിക്കൊണ്ടുപോകാൻ ശ്രമിച്ചത്. എന്നാൽ ഇദ്ദേഹം പരിക്കുകളോടെ രക്ഷപ്പെടുകയായിരുന്നു.

പ്രതികളെ ഉടൻ അറസ്റ്റ് ചെയ്യണമെന്നാവശ്യപ്പെട്ട് റാവൽപിണ്ടി- ഇസ്ലാമാബാദ് ജേർണലിസ്റ്റ് യൂണിയൻ പ്രതിഷേധം സംഘടിപ്പിച്ചു.

വിവിധം

21 ശാസ്ത്രജ്ഞർക്ക് ഫെലോഷിപ്പ്

തിരുവനന്തപുരം: ഡോ. ആർ. ശ്രീകുമാറിന് സ്പെഷ്യൽ പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് ഉൾപ്പെടെ 21 പേർക്ക് കേരള ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിൽ ഡോക്ടറൽ ഫെലോഷിപ്പ് പ്രഖ്യാപിച്ചു. രാജേഷ് മേനോൻ . എം. ആർ, രേഖ ബി. രവീന്ദ്രൻ, ബിനു . കെ.എസ്, അബു ഇസ്ഹാഖ് .പി. കെ, ശാന്തികൃഷ്ണ .എ, സഞ്ജയ് ഗോപാൽ .യു, കിഷോർ കുമാർ നായർ, നിമിഷ കെ. ഷൈനി, ജി.എൽ. ചിത്ര, കെ. പുഷ്പൻ, പ്രവീൺ .ജി, റെനി തങ്കം തോമസ്, മഹേഷ് എസ്. കൃഷ്ണ, വചന .എം.വി, സ്വപ്ന .കെ, രോഹിണി സാബു, ഹെൽന .എ. കെ, ജിതു യു. കൃഷ്ണൻ, രഞ്ജിത്ത് കുമാർ .കെ, പ്രിസില്ല .കെ എന്നിവർക്കാണ് ഫെലോഷിപ്പ്.

കുട്ടനാട് മണ്ഡലം തിരിച്ചെടുക്കും

ആലപ്പുഴ: തോമസ് ചാണ്ടിയുടെ മണ്ഡലമായ കുട്ടനാട് സി.പി.എം തിരിച്ചെടുക്കുമെന്ന് ജില്ലാ സെക്രട്ടറി സജി ചെറിയാൻ പറഞ്ഞു.

'പാർട്ടിക്ക് ഏറെ വൈകാരിക ബന്ധമുള്ള നാടാണ് കുട്ടനാട്. ഞങ്ങളുടെ നിരവധി സഖാക്കൾ ഇവിടെ രക്ഷസാക്ഷിത്വം വരിച്ചിട്ടുണ്ട്. ജി. സുധാകരൻ ഉൾപ്പെടെയുള്ള സി.പി.എം നേതാക്കൾ കുട്ടനാട്ടിൽ മത്സരിച്ചവരാണ്. തോമസ് ചാണ്ടി എൻ.സി.പിയിൽ ചേർന്ന് എൽ.ഡി.എഫിൽ എത്തിയപ്പോൾ കുട്ടനാട് സീറ്റ് നൽകുകയായിരുന്നു.

സി.ബി.എസ്.ഇയിലും വ്യാജ അപ്പീലുകൾ ആടിത്തിമിർത്തു

- തട്ടേൽ കേറിയത് 20 വ്യാജ പ്രതിഭകൾ
- കോൺഗ്രസ് അനുകൂല സംഘടനാ നേതാവ് പിടിയിലാവും

കൃഷ്ണകുമാർ ആമലത്ത്

തൃശൂർ: സംസ്ഥാന സി. ബി. എസ്.ഇ കലോത്സവത്തിലും വ്യാജ അപ്പീൽ വേദി കീഴടക്കിയിരുന്നതായി ക്രൈംബ്രാഞ്ചിന്റെ കണ്ടെത്തൽ.

നവംബറിൽ തൃശൂരിൽ നടന്ന സി.ബി.എസ്.ഇ കലോത്സവത്തിൽ വന്ന 43 അപ്പീലുകളിൽ 20 എണ്ണം വ്യാജമാണെന്നാണ് സംസ്ഥാന സ്കൂൾ കലോത്സവത്തിലെ വ്യാജ അപ്പീൽ അന്വേഷിക്കുന്ന സംഘത്തിന്റെ കണ്ടെത്തൽ. അവിടെ വന്നിട്ടുള്ള മൊത്തം അപ്പീലുകളും അടുത്ത ദിവസങ്ങളിൽ പരിശോധിക്കും.

ഇതിനുപിന്നിൽ പ്രവർത്തിച്ചവരെക്കുറിച്ച് അന്വേഷിച്ചുവരികയാണ്. ഇതിനിടെ തിരുവനന്തപുരം കേന്ദ്രമായുള്ള മൂന്നംഗ ലോബിയിൽ മുന്നിൽ നിന്ന് പ്രവർത്തിച്ചിരുന്നത് കോൺഗ്രസ് അനുകൂല സംഘടനാ നേതാവാണെന്ന് തിരിച്ചറിഞ്ഞു. ഇയാൾ കാലങ്ങളായി വിധികർത്താക്കളെ തീരുമാനിക്കുന്ന കമ്മിറ്റിയിലെ അംഗമാണ്. അടുത്ത ദിവസം തന്നെ ഇയാൾ പിടിയിലാകുമെന്നാണ് അന്വേഷണ സംഘം നൽകുന്ന വിവരം. സംഭവത്തിൽ കൂടുതൽ അദ്ധ്യാപകർക്ക് പങ്കുണ്ടോയെന്ന കാര്യവും അന്വേഷിച്ചുവരികയാണ്.

ഏത് സർക്കാർ വന്നാലും എയ്ഡഡ് സ്കൂളിലെ അദ്ധ്യാപകനായ ഇദ്ദേഹം അദ്ധ്യാപക സംഘടനാ നേതാവെന്ന നിലയിൽ കമ്മിറ്റിയിൽ കടന്നുകൂടും.

കഴിഞ്ഞ തിരുവനന്തപുരം ജില്ലാ കലോത്സവത്തിൽ നൃത്ത ഇനങ്ങൾക്കായി തിരഞ്ഞെടുത്ത വിധി കർത്താക്കളുടെ ലിസ്റ്റിൽ 21 പേർ ഈ അദ്ധ്യാപക സംഘടനാ നേതാവ് നൽകിയ ലിസ്റ്റിൽ നിന്നുള്ളവരായിരുന്നു.

പല ജില്ലകളിൽ നിന്നുള്ള ഇവരെ ഒന്നിച്ചാണ് ടെമ്പോ ട്രാവലറിൽ തിരുവനന്തപുരത്തേക്ക് കൊണ്ടുവന്നത്. പ്രോഗ്രാം കമ്മിറ്റിയിലെ ചിലരെ ചാക്കിട്ടാണ് ഇവരെ വിധികർത്താക്കളായി നിയമിക്കാൻ തീരുമാനിച്ചത്.

തലേദിവസം ഇത് മണത്തറിഞ്ഞ വിദ്യാഭ്യാസ വകുപ്പ് ഇതിൽ രണ്ട് പേരെ ഒഴിച്ച് ബാക്കിയെല്ലാവരെയും ഒഴിവാക്കി. അവസാന നിമിഷമായതിനാൽ രണ്ട് പേർക്ക് പകരം ആളെ കണ്ടെത്താൻ സാധിച്ചില്ല.

ഒഴിവാക്കാതിരുന്ന രണ്ടു പേരെ ഒരുമിച്ച് കേരള നടനത്തിന്റെ വിധികർത്താവായി നിയമിക്കുകയാണ് പ്രോഗ്രം കമ്മിറ്റി ചെയ്തത്. ഇതിൽ അർഹതയില്ലാത്ത കുട്ടിക്കാണ് സംസ്ഥാന കലോത്സവത്തിലേക്ക് യോഗ്യത നൽകിയതെന്ന ആക്ഷേപമുണ്ട്.

അറസ്റ്റിലായവർ സി.ബി.എസ്.ഇയിലും പരിശീലകർ

കലോത്സവം നടക്കുന്നതിനിടെ അറസ്റ്റ് ചെയ്ത തൃശൂർ ചേർപ്പ് സ്വദേശിയും നൃത്താദ്ധ്യാപകനുമായ സൂരജ്, കോറിയോഗ്രാഫർ ജോബി എന്നിവരെ ചോദ്യം ചെയ്തതിലൂടെയാണ് തിരുവനന്തപുരം ലോബിയെക്കുറിച്ച് വിവരം ലഭിച്ചത്. സൂരജും ജോബിയും സി.ബി.എസ്.ഇ കലോത്സവത്തിലും വിദ്യാർത്ഥികളെ പരിശീലിപ്പിച്ചിരുന്നു. ജോബി കലാപ്രതിഭ കൂടിയാണ്. 2015ൽ ബാലാവകാശ കമ്മിഷൻ ഓഫീസിൽ നിന്ന് മോഷണം പോയ സീൽ ഉപയോഗിച്ചാണ് വ്യാജ അപ്പീലുകൾ ഉണ്ടാക്കിയതെന്ന് കണ്ടെത്തിയിരുന്നു. കഴിഞ്ഞ വർഷത്തിലും ഇതേ സീൽ ഉപയോഗിച്ച് വ്യാജ അപ്പീലുകൾ ഉണ്ടാക്കിയിട്ടുണ്ടാകാമെന്നാണ് വിലയിരുത്തൽ.

റിസർവോയറുകളിലൂടെ 70 കോടി രൂപയുടെ മത്സ്യം ഉത്പാദിപ്പിക്കും

തിരുവനന്തപുരം: സംസ്ഥാനത്തെ 47 റിസർവോയറുകളും വിവിധ ജില്ലകളിലെ ജലാശയങ്ങളും ഉപയോഗപ്പെടുത്തി 70 കോടി രൂപ വിലവരുന്ന 70,000 മെടിക് ടൺ മത്സ്യം അധികമായി ഉത്പാദിപ്പിക്കുന്നതിനുള്ള പദ്ധതികൾ വൈദ്യുതി-വനം -ജലവിഭവ വകുപ്പുകളുടെ സഹകരണത്തോടെ നടപ്പാക്കുമെന്ന് മന്ത്രി ജെ. മേഴ്സിക്കുട്ടി അമ്മ പറഞ്ഞു. 35,000 ഹെക്ടറിൽ മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതിയാണ് നടപ്പാക്കുന്നത്. വനം-ജലവിഭവം-വൈദ്യുതി-ഫിഷറീസ് വകുപ്പുമന്ത്രിമാരുടെ സംയുക്ത യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. മന്ത്രി എം.എം. മണിയുടെ അദ്ധ്യക്ഷതയിൽ മന്ത്രിമാരായ മാത്യു.ടി തോമസ്, കെ. രാജു എന്നിവർ പദ്ധതിയുടെ സാദ്ധ്യതകൾ വിലയിരുത്തി. ചർച്ചയുടെ അടിസ്ഥാനത്തിൽ വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഫിഷറീസ് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ബി. ശ്രീനിവാസ് കൺവീനറായി പ്രത്യേക സമിതി രൂപീകരിക്കാനും യോഗം തീരുമാനിച്ചു.

കർഷകരിൽ നിന്ന് നെല്ല് സംഭരണം- പരീക്ഷണം പാലക്കാട്ട്

തിരുവനന്തപുരം: കർഷകരിൽ നിന്നുള്ള നെല്ല് സംഭരണം സഹകരണ സംഘങ്ങളെ ഏൽപിക്കുന്നതിന്റെ പരീക്ഷണം പാലക്കാട് ജില്ലയിൽ നടപ്പാക്കുന്നതിനെക്കുറിച്ച് പഠിക്കാൻ വിദഗ്ദ്ധ സമിതിയെ നിയോഗിച്ചു.

നെല്ല് സംഭരണത്തിലെ പ്രശ്നങ്ങൾ പരിശോധിക്കാൻ മുഖ്യമന്ത്രി പിണറായി വിജയന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗത്തിലാണ് തീരുമാനം. ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് സെക്രട്ടറി മിനി ആന്റണിയുടെ നേതൃത്വത്തിലുള്ള സമിതി പഠനം നടത്തി ഒരു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കും. പാലക്കാട്ട് ജില്ലയിലെ കർഷകരുമായും സഹകരണ സംഘങ്ങളുമായും സമിതി ചർച്ച ചെയ്യും. സിവിൽ സപ്ലൈസ് കോർപ്പറേഷൻ സംഭരിക്കുന്ന നെല്ല് ഇപ്പോൾ സ്വകാര്യ മില്ലുകളാണ് അരിയാക്കി മാറ്റുന്നത്.

മന്ത്രിമാരായ പി. തിലോത്തമൻ, വി.എസ്. സുനിൽകുമാർ കൃഷിവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ടിക്കാറാം മീണ, ഭക്ഷ്യവകുപ്പ് സെക്രട്ടറി മിനി ആന്റണി, മുഖ്യമന്ത്രിയുടെ സെക്രട്ടറി എം. ശിവശങ്കർ എന്നിവർ പങ്കെടുത്തു.

ജെ.ഡി.യു സ്വാഗതം ചെയ്യുന്നു: കാനം

കൊല്ലം: യു.ഡി.എഫ് ബന്ധം ഉപേക്ഷിച്ച് എൽ.ഡി.എഫിൽ ചേരാനുള്ള ജെ.ഡി.യു (എസ്) തീരുമാനത്തെ സ്വാഗതം ചെയ്യുന്നുവെന്ന് സി.പി.ഐ സംസ്ഥാന സെക്രട്ടറി കാനം രാജേന്ദ്രൻ കൊല്ലത്ത് മാദ്ധ്യമപ്രവർത്തകരോട് പറഞ്ഞു. പുതിയ പാർട്ടികളെ മുന്നണിയിലെടുക്കുന്ന കാര്യം ഇതുവരെ ചർച്ച ചെയ്തിട്ടില്ല. മുന്നണി വിട്ടുപോയ എല്ലാ പാർട്ടികളും തിരികെ വരണമെന്നാണ് സി.പി.ഐയുടെ അഭിപ്രായം. ആർ.എസ്.പിക്കും മടങ്ങിവരാം. കേരള കോൺഗ്രസ് മാണി വിഭാഗത്തോടുള്ള നിലപാടിൽ മാറ്റമില്ല. ഇപ്പോൾ മുന്നണി സമാധാനപരമായി മുന്നോട്ടുപോവുകയാണ്. വർഷങ്ങളായി എൽ.ഡി.എഫുമായി സഹകരിക്കുന്ന പാർട്ടികൾ ഇപ്പോഴും മുന്നണിക്ക് പുറത്ത് നിൽക്കുകയാണെന്നും കാനം പറഞ്ഞു.